
JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT
നീതിവേദി
www.neethivedhi.org
നീതി ഔദാര്യമല്ല...
അവകാശമാണ്...

# മുണ്ടക്കൈ - ചൂരൽമല ഇടപെടലുകൾ



നവംബർ 6 ന് മുണ്ടക്കൈ ദുരന്തത്തിൽ പരിക്കുപറ്റിയ സുജിതക്ക് നീതിവേദിയുടെ ചികിത്സാസഹായം ശ്രീ അനീഷ് ബാബു, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നൽകി.





നവംബർ 15,16,18 തിയതികളിലായി മേപ്പാടി മുണ്ടക്കൈ - ചൂരൽമല ദുരന്ത വുമായി ബന്ധപ്പെട്ട് രോഗികളായി കഴിയുന്ന 30 വീടുകളിൽ പോയി വിവര ശേഖരണം നടത്തി. ശ്രീ അനീഷ് ബാബു, ശ്രീ ജ്യോതിഷ് കുമാർ, ശ്രീമതി വൽസ, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ നേതൃത്വം നൽകി.







ഡിസംബർ 4 ന് കൈയ്യുടെ സർജറി യുമായി ബന്ധപ്പെട്ട് മേപ്പാടി വിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുണ്ടക്കൈ ദുരന്തബാധിത യായ മുബീനയെ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് എന്നിവർ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി.

ഡിസംബർ 4 ന് മുണ്ടക്കൈ ദുരന്തബാധിതരായ സുഭാഷിനെയും കുടുംബത്തെയും ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് എന്നിവർ സന്ദർശിച്ചു.



ഡിസംബർ 4 ന് മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ, ശ്രീ ജ്യോതിഷ് എന്നിവർ നേരിൽ കണ്ട് ജനുവരി 30 ന് 30 രോഗികൾക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു.





ഡിസംബർ 7 ന് മുണ്ടക്കൈ ദുരന്തബാധിതരായ മീനങ്ങാടി 54 ൽ താമസിക്കുന്ന സൈനബയുടെ വീട് ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി മിനി സാജു എന്നിവർ സന്ദർശിച്ചു. 4 മാസത്തെ വാടക കിട്ടാത്ത കാര്യത്തിൽ വൈത്തിരി താലൂക്കിൽ വിളിച്ച് വിവരങ്ങൾ അന്വേഷിച്ചു.

ഡിസംബർ 19 ന് മുണ്ടക്കൈ ദുരന്തബാധിതരായ കാക്കവയൽ കല്ലുപാടി താമസിക്കുന്ന ഉമ്മുസൽമ എന്നവരുടെ വീട് ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ സന്ദർശിച്ചു വിവരശേഖരണം നടത്തി.



# വിവരാവകാശ കൂട്ടായ്മ

2024 നവംബർ 3,4 തിയതികളിൽ കേരള ദേശീയ വിവരാവകാശ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ വെച്ച് നടന്ന ദ്വിദിന പരിശീലന പരിപാടിയിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, ലീഗൽ കൗൺസിലർ അഡ്വ. ജോമോൾ ജോയി എന്നിവർ പങ്കെടുത്തു.





നവംബർ 18 ന് നീതിവേദി ഓഫീസിൽ വെച്ച് വയനാട് ജില്ലാതല വിവരാവകാശ ശില്പശാല നടത്തുന്നതിന്റെ പ്ലാനിംഗ് മീറ്റിംഗ് നടത്തി. മീറ്റിംഗിൽ 9 പേർ പങ്കെടുത്തു.

# അന്തർദേശീയ മനുഷ്യാവകാശദിനവും വിവരാവകാശ ശില്പശാലയും

ഡിസംബർ 12 ന് നീതിവേദിയുടെയും ദേശീയ വിവരാവകാശ കൂട്ടായ്മ വയനാട് ജില്ലയുടെയും ആഭിമുഖ്യത്തിൽ അന്തർദേശീയ മനുഷ്യാവകാശദിനവും ഭരണഘടന നിലവിൽ വന്നതിന്റെ 75-ാം വാർഷികവും വിവരാവകാശ ശില്പശാലയും നടത്തി. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. ഭരണഘടന ആമുഖം ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് സാർ ചൊല്ലിക്കൊടുത്തു. ശ്രീ ഇ ജി ജോസഫ്- റിട്ട.ഡെപ്യൂട്ടി ഡയറക്ടർ പട്ടിക വർഗ്ഗ വകുപ്പ്, ശ്രീ അഷറഫ് പൂലാടൻ-ദേശീയ വിവരാവകാശ കൂട്ടായ്മ വയനാട് ജില്ലാപ്രതിനിധി, ശ്രീമതി മൈമൂന- ജനപ്രതിനിധി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ദേശീയ വിവരാവകാശ കൂട്ടായ്മ പ്രവർത്തകൻ ശ്രീ അനിൽ ചന്ദ്രത്ത് മലപ്പുറം വിവരാവകാശ നിയമക്ലാസ്സ് എടുത്തു. വിവരാവകാശവുമായി ബന്ധപ്പെട്ട ചർച്ചകളും സംശയനിവാരണവും നടത്തി. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി കോർ ഗ്രൂപ്പ് അംഗങ്ങളെ തിരഞ്ഞെടുത്തു. കീ സ്റ്റോൺ കോ-ഓർഡിനേറ്റർ ശ്രീ മുഹമ്മദ് റാഫി നന്ദി പറഞ്ഞു. 78 പേർ ശില്പശാലയിൽ പങ്കെടുത്തു.











# പീസ് കമ്മിറ്റി

ഡിസംബർ 6 ന് മുട്ടിൽ പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. കൺവീനർ ശ്രീമതി രാജി സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ അഷറഫ് അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീദേവി ഉത്ഘാടനം ചെയ്തു. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിനായി പഞ്ചായത്ത് പരിധി യിലെ എല്ലാ സ്ക്കൂളുകളിലും സന്ദർശനം നടത്തിയ കാര്യം ശ്രീ കെ ഐ തോമസ് വിശദീകരിച്ചു. ശ്രീമതി വൽസ ദേവസ്യ റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി റുക്കിയ ടീച്ചർ നന്ദി പറഞ്ഞു. 21 പേർ പങ്കെടുത്തു.





ഡിസംബർ 10 ന് മീനങ്ങാടി പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. ശ്രീമതി മിനി സാജു സ്വാഗതം ആശംസിച്ചു. കൺവീനർ ശ്രീ എം ആർ ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിനായി പഞ്ചായത്ത് പരിധി യിലെ ചിലസ്ക്കൂളുകളിൽ സന്ദർശനം നടത്തിയ കാര്യവും പഞ്ചായത്ത് പരിധി യിലെ കഴിഞ്ഞ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ടും ശ്രീമതി മിനി അവതരിപ്പിച്ചു. പഞ്ചായത്ത് പരിധിയിലെ ബാക്കി സ്ക്കൂളുകളിൽ ജനുവരി മാസത്തിൽ പോകാൻ തീരുമാനിച്ചു. ഗോഖലെ നഗറിൽ പുതിയ വിദ്യാർത്ഥി സൗഹൃദ ക്ലബ് രൂപീകരിക്കാൻ തീരുമാനിച്ചു. ശ്രീമതി മേഴ്സി നന്ദി പറഞ്ഞു. 19 പേർ പങ്കെടുത്തു.




# വനിതാ സൗഹൃദ കൂട്ടായ്മ

നവംബർ 28 ന് മീനങ്ങാടി താഴത്തുവയൽ വനിതാസൗഹൃദ ക്ലബ് അംഗങ്ങളുടെ യോഗം ചേർന്നു. ശ്രീമതി സരള വിജയൻ സ്വാഗതം ആശംസിച്ചു. ശ്രീമതി ലിസ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി സിജി ജോൺസൺ നന്ദി പറഞ്ഞു. 12 പേർ മീറ്റിംഗിൽ പങ്കെടുത്തു.



നവംബർ 29 ന് മീനങ്ങാടി അടിച്ചിലാടി വനിതാസൗഹൃദ ക്ലബ് അംഗങ്ങളുടെ യോഗം ചേർന്നു. ശ്രീമതി ലീല സ്വാഗതം ആശംസിച്ചു. ശ്രീമതി വൽസല അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി അനിത നന്ദി പറഞ്ഞു. 12 പേർ മീറ്റിംഗിൽ പങ്കെടുത്തു.



ഡിസംബർ 16 ന് പരിയാരം വനിതാ സൗഹൃദക്ലബ് അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷം നടത്തി. ശ്രീമതി ഖദീജ സ്വാഗതം ആശംസിച്ചു. ബ്ലോക്ക് മെമ്പർ ശ്രീമതി ആയിഷാബി അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി റാഷിദ ക്രിസ്മസ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് കേക്ക് മുറിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ക്രിസ്തുമസ് ഫ്രണ്ട് കൈമാറി. ശ്രീമതി ഷാനുമോൾ നന്ദി പറഞ്ഞു.




# വിനോദയാത്ര




ഡിസംബർ 21 ന് പരിയാരം വനിതാ ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ അകലാപ്പുഴ, മിനിഗോവ എന്നിവിടങ്ങളിലേക്ക് വിനോദയാത്ര സംഘടിപ്പിച്ചു. ക്ലബ് അംഗങ്ങളായ 15 പേർ വിനോദയാത്രയിൽ പങ്കെടുത്തു.

# പീസ് വില്ല സന്ദർശനം





ഡിസംബർ 27 ന് പരിയാരം വനിതാ സൗഹൃദക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ പീസ് വില്ല സന്ദർശിച്ചു. രോഗികളും, നിരാശ്രയരുമായ 79 പേരാണ് പീസ് വില്ലയിലുള്ളത്. വൈകുന്നേരത്തെ ചായയും കടിയും വനിതാ ക്ലബ് അംഗങ്ങളാണ് നൽകിയത്. നീതിവേദി പ്രവർത്തകരും വനിതാ ക്ലബ് അംഗങ്ങളുമടങ്ങിയ 42 പേര് പീസ് വില്ല സന്ദർശിച്ചു





# വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ

ഡിസംബർ 5 ന് മീനങ്ങാടി പഞ്ചായത്തിലെ ആർമാട് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗമായ കുട്ടിക്ക് ചികിത്സാ സഹായം നൽകി.





ഡിസംബർ 7 ന് പുൽപ്പള്ളി കരിമം വിദ്യാർത്ഥി-യുവജന സൗഹൃദക്ലബ് മീറ്റിംഗ് നടത്തി. ശ്രീ ഷൈജു സ്വാഗതം ആശംസിച്ചു. ശ്രീ ശ്യാം അദ്ധ്യക്ഷത വഹിച്ചു. ശ്രീ കൃഷ്ണൻ നന്ദി പറഞ്ഞു.

## ഫെസിലിറ്റേറ്റർമാരുടെ മീറ്റിംഗ്




നവംബർ 30 ന് വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്റർമാരുടെ റിവ്യൂ മീറ്റിംഗ് നടത്തി. ക്ലബ് തലത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി.

ഡിസംബർ 22 ന് വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫസിലിറ്റേറ്റർമാരുടെ മീറ്റിംഗ് നടത്തി. ക്ലബ് തല പ്രവർത്തനങ്ങൾ വിലയിരുത്തി. ക്ലബ് തലത്തിൽ പുതുവത്സര ആഘോഷം നടത്താൻ തീരുമാനിച്ചു.



# ക്രിസ്തുമസ് ആഘോഷം




ഡിസംബർ 28 ന് നായാടിപൊയിൽ വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. ഊരുമൂപ്പൻ ശ്രീ കരിക്ക കേക്ക് മുറിച്ച് കുട്ടികൾക്ക് വിതരണം ചെയ്തു. ഫസിലിറ്റേറ്റർ ശ്രീമതി ശരണ്യ നേതൃത്വം നൽകി.



ഡിസംബർ 29 ന് പുൽപ്പള്ളി പഞ്ചായത്തിലെ കരിമം വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. ഊരുമൂപ്പത്തി കേക്ക് മുറിച്ച് കുട്ടികൾക്ക് വിതരണം ചെയ്തു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫസി ലിറ്റേറ്റർ ശ്രീ ശ്യാം നേതൃത്വം നൽകി.



ഡിസംബർ 29 ന് തൊണ്ടർനാട് പഞ്ചായത്തിലെ ചെറുവയൽ വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. എല്ലാ വരും ചേർന്ന് കേക്ക് മുറിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീ സുനിൽ നേതൃത്വം നൽകി.

merry christmas





ഡിസംബർ 29 ന് മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. ഫസിലിറ്റേറ്റർ കേക്ക് മുറിച്ച് കുട്ടികൾക്ക് വിതരണം ചെയ്തു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീമതി അഖില നേതൃത്വം നൽകി.

ഡിസംബർ 29 ന് മീനങ്ങാടി പഞ്ചായത്തിലെ ആർമാട് വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. ഊരുമൂപ്പൻ കേക്ക് മുറിച്ച് കുട്ടികൾക്ക് വിതരണം ചെയ്തു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീമതി അഞ്ജന നേതൃത്വം നൽകി.





ഡിസംബർ 29 ന് മുട്ടിൽ പഞ്ചായത്തിലെ അടുവാടിവയൽ വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങൾ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. ഫസിലിറ്റേറ്റർ കേക്ക് മുറിച്ച് കുട്ടികൾക്ക് വിതരണം ചെയ്തു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീമതി രമ നേതൃത്വം നൽകി.

# കനൽ ക്യാമ്പ്





ഡിസംബർ 21,22 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് കനൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡിസംബർ 21 ന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ശ്രീ റോയിസൺ ബാലാവകാശങ്ങളെ സംബന്ധിച്ച ക്ലാസ്സ് നൽകി. വൈകുന്നേരം കുട്ടികളുടെ കലാസന്ധ്യ നടത്തി. നാടൻപാട്ട്, വട്ടക്കളി, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയവ ഗ്രൂപ്പ് തലത്തിൽ കുട്ടികൾ അവതരിപ്പിച്ചു. ഡിസംബർ 22 ന് കമ്മറ്റഡ് സോഷ്യൽ വർക്കർമാരായ ശ്രീ ബിനു, ശ്രീ ചന്ദ്രൻ എന്നിവർ കുട്ടികൾക്ക് വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഇന്ദുലേഖ, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ കൗമാരപ്രായക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് കുട്ടികളോട് സംസാരിച്ചു. ക്രിസ്തുമസ് കേക്ക് മുറിച്ചു. കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. വിവിധ ക്ലബുകളിലെ 54 പേർ ക്യാമ്പിൽ പങ്കെടുത്തു.









# ഗവേർണിംഗ് ബോഡി

ഡിസംബർ 12 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് നീതിവേദി ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും മീറ്റിംഗ് നടത്തി. നീതിവേദി പ്രവർത്തനങ്ങൾ വിലയിരുത്തി. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരായ 30 രോഗികൾക്ക് ചികിത്സാ സഹായം 2025 ജനുവരി 30 ന് മേപ്പാടി പഞ്ചായത്തിൽ വെച്ച് നൽകുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. മുക്കൈ ദുരന്തത്തിൽ രോഗികളായവരെയും വിദ്യാർത്ഥികൾക്കുള്ള പഠന സഹായവും നൽകാൻ തീരുമാനിച്ചു. കുറ്റ്യാടി കല്യാണവുമായി ബന്ധപ്പെട്ട് വരുന്ന പ്രശ്നങ്ങളിൽ നിയമസഹായവും കൗൺസിലിംഗും നീതിവേദിയിൽ ചെയ്യാമെന്നും തീരുമാനിച്ചു.





# മറ്റ് പ്രവർത്തനങ്ങൾ

ഡിസംബർ മാസത്തിൽ വയനാട് ജില്ലയിലെ മുട്ടിൽ, കൽപ്പറ്റ, മീനങ്ങാടി, പൂതാടി, എടവക, വേങ്ങപ്പള്ളി, പൊഴുതന പഞ്ചായത്തുകളിലെ വിവിധ സ്ക്കൂളുകളിൽ ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് പഞ്ചായത്ത്തല പീസ് കമ്മറ്റി അംഗങ്ങളോടും ജനപ്രതിനിധികളോടുമൊപ്പം നീതിവേദി പ്രവർത്തകർ വിവിധ സ്ക്കൂളുകളിൽ സന്ദർശനം നടത്തി.








2024 നവംബർ 2 ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും ഇന്റർ ഏജൻസി ഗ്രൂപ്പിന്റെയും ആഭിമുഖ്യത്തിൽ കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ഏകദിന പരിശീലന പരിപാടിയിൽ നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു എന്നിവർ പങ്കെടുത്തു.





നവംബർ 9 ന് ജ്വാലയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ എം ജി റ്റിയിൽ വെച്ച് നടന്ന 'ദത്തെടുക്കൽ പോറ്റിവളർത്തൽ' എന്ന ശില്പശാലയിൽ നീതിവേദിയിൽ നിന്നും ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി ജൂബിലി അനീഷ് എന്നിവർ പങ്കെടുത്തു.

ഡിസംബർ 14 ന് നീതിവേദി തയ്യാറാക്കിയ കർമ്മപദ്ധതി പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ് മന്ത്രി ബഹു. ഒ ആർ കേളുവിന് ശ്രീ ഇ ജി ജോസഫ്, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ നൽകി.



ഡിസംബർ 17 ന് നീതിവേദി തയ്യാറാക്കിയ കർമ്മപദ്ധതി ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർക്ക് ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ എന്നിവർ നൽകി. കൂടാതെ പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി, വനം വകുപ്പ് മന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവർക്ക് മെയിൽ അയച്ചു.



ഡിസംബർ 16 ന് മാനന്തവാടി വെച്ച് മാതൻ എന്ന വ്യക്തിയെ മൃഗീയമായി റോഡിൽ വലിച്ചിഴച്ചുകൊണ്ടുപോയ വിഷയത്തിൽ ശ്രീ ജ്യോതിഷ് കുമാർ മാനന്തവാടി മെഡിക്കൽ കോളേജിൽ പോയി മാതനെ കണ്ട് വിവരശേഖരണം നടത്തി.




ഡിസംബർ 17 ന് മാനന്തവാടി വെച്ച് മാതൻ എന്ന വ്യക്തിയെ മൃഗീയമായി റോഡിൽ വലിച്ചിഴച്ചുകൊണ്ടു പോയതിലും എടവക പഞ്ചായത്തിലെ വീട്ടിക്കച്ചാൽ ഊരിലെ ചുണ്ട എന്നവരുടെ മൃതദേഹം ഓട്ടോറിക്ഷയിൽ മറവുചെയ്യാൻ കൊണ്ടുപോയതുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിഷേധ പരിപാടിയിൽ നീതിവേദിയെ പ്രതിനിധീകരിച്ച് ശ്രീമതി ജ്യോതിഷ് കുമാർ പങ്കെടുത്തു.




ഡിസംബർ 17 ന് മാനന്തവാടി എടവക പഞ്ചായത്തിലെ വീട്ടിക്കച്ചാൽ ഊരിലെ ചുണ്ട എന്നവരുടെ മൃതദേഹം ഓട്ടോറിക്ഷയിൽ മറവുചെയ്യാൻ കൊണ്ടുപോയതുമായി ബന്ധപ്പെട്ട വിഷയത്തിൽ ശ്രീമതി ഇന്ദുലേഖ ഊരിൽപോയി വീട്ടുകാരെ കണ്ട് വിവരശേഖരണം നടത്തി.

# സന്ദർശനം



നവംബർ 11 ന് കോഴിക്കോട് സെന്റ് സേവ്യേഴ്സ് കോളേജിലെ 18 ഒന്നാംവർഷ ബി എസ് ഡബ്ല്യൂ വിദ്യാർത്ഥികളും 2 അദ്ധ്യാപകരും നീതിവേദി സന്ദർശിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങൾ ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ വിവരിച്ചു.


HAPPY
NEW YEAR
2025
NEETHI VEDHI
സുധിക്കവെല, കാക്കവെയൽ പി. ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org